**ALL INDIA RADIO THIRUVANANTHAPURAM**

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:21.08.2026**

### പ്രധാനവാർത്തകൾ

1. നയരൂപീകരണത്തിൽ പുതിയ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കാൻ സർവകലാശാലകൾ, യുവാക്കൾ എന്നിവർക്കിടയിൽ കൂടുതൽ ഇടപെടൽ നടത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. -നിർമ്മാണ സാമഗ്രികൾ കയറ്റി അയയ്ക്കുന്നതിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ് നൽകുന്നത് പരിഗണിക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി അറിയിച്ചതായി മുഖ്യമന്ത്രി വി.ഡി സതീശൻ.

3. നെല്ല് വില വിതരണത്തിന് കേന്ദ്ര വിഹിതത്തിൽ നിന്ന് 209 കോടി രൂപ അനുവദിച്ചതായി മന്ത്രി അനൂപ് ജേക്കബ്.

4. തിരുവോണത്തിന് ഇനി അഞ്ച് നാൾ. പൊന്നോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങി. ഓണം വാരാഘോഷത്തിന് തിങ്കളാഴ്ച തുടക്കം.

5. ചിങ്ങമാസ പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി അടയ്ക്കും.

RNU TVPM

6. FIH ഹോക്കി ലോകകപ്പിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് നെതർലൻഡ്സിനെ നേരിടും.

## കേന്ദ്ര സെക്രട്ടറി-ഉന്നതതലയോഗം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ കേന്ദ്ര സെക്രട്ടറിമാരുടെ ഉന്നതതലയോഗം ന്യൂഡൽഹിയിൽ ചേർന്നു. അടിസ്ഥാന സൗകര്യം, സുരക്ഷ, വിദേശകാര്യം, ഭരണം എന്നിവ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ യോഗം വിലയിരുത്തി. രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതിന് ദീർഘവീക്ഷണത്തോടെ ചിന്തിക്കാൻ സെക്രട്ടറിമാർക്ക് പ്രധാനമന്ത്രി നിർദേശം നൽകി. നയരൂപീകരണത്തിൽ പുതിയ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കാൻ സർക്കാർ വകുപ്പുകൾ, സർവകലാശാലകൾ, യുവാക്കൾ എന്നിവർക്കിടയിൽ കൂടുതൽ ഇടപെടൽ നടത്തണമെന്നും യോഗത്തിൽ അദ്ദേഹം ആവശ്യപ്പെട്ടു.

## ബ്രിക്സ്

12-ാമത് ബ്രിക്സ് വാർത്താ വിനിമയ മന്ത്രിമാരുടെ യോഗം ഇന്ന് പൂനെയിൽ ആരംഭിച്ചു. കേന്ദ്ര വാർത്താ വിനിമയ

RNU TVPM

മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള മന്ത്രിമാരും പങ്കെടുക്കുന്നുണ്ട്. അതെസമയം, ബ്രിക്സ് ടൂറിസം മന്ത്രിമാരുടെ രണ്ട് ദിവസത്തെ യോഗത്തിനും ജയ്പൂരിൽ തുടക്കമായി. സുസ്ഥിര - ഉത്തരവാദിത്ത ടൂറിസം, നൈപുണ്യ വികസനം, വിനോദസഞ്ചാര മേഖലയിൽ സാങ്കേതികവിദ്യ, നിർമിതബുദ്ധി തുടങ്ങിയവയുടെ ഉപയോഗം എന്നിവ ചർച്ചാ വിഷയമാകും.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി

മെറ്റൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ നിന്ന് കേരളത്തെ ഒഴിവാക്കുന്നത് പരിഗണിക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് മുഖ്യമന്ത്രി വി.ഡി സതീശനെ അറിയിച്ചു. മഹാബലിപുരത്ത് ഇന്നലെ നടന്ന സതേൺ സോണൽ കൗൺസിൽ യോഗത്തിനിടെയാണ് അദ്ദേഹം ഇക്കാര്യം അറിയിച്ചത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ തീരുമാനം പുനപരിശോധിക്കണമെന്ന ആവശ്യമാണ് മുഖ്യമന്ത്രി വി.ഡി സതീശൻ മുന്നോട് വച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ഓണം

തിരുവോണത്തിന് ഇനി അഞ്ച് നാളുകൾ കൂടി. പൊന്നോണത്തെ വരവേൽക്കാൻ നാടും നഗരവും ഒരുങ്ങുകയാണ്. സർക്കാർ ഓഫിസുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്കൂളുകൾ കോളേജുകൾ എന്നിവിടങ്ങളിൽ ഓണാഘോഷ പരിപാടികൾ ഏറെ ആവശത്തോടെ

നടക്കുകയാണ്. വിദ്യാഭ്യാസസ്ഥാപനകൾക്ക് നാളെ മുതൽ ഓണാവധി ആരംഭിക്കും. പൂക്കളമിടലും, പുലികളിയും, ഓണപ്പാട്ടുകളും, ഊഞ്ഞാലാട്ടവുമൊക്കെയായി എല്ലാ തലമുറകളും ഒരുപോലെ ഓണത്തപ്പനെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു. ഓണക്കോടിയും സദ്യയും സമ്മാനങ്ങളുമൊക്കെയായി ഓണ വിപണിയും സജീവമായി. സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിന് ഈ മാസം 24 ന് തുടക്കമാകും. ഇതിൻറെ ഭാഗമായുള്ള ഓണ പതാകയാത്ര ഇന്ന് ആരംഭിക്കും.

RIJU TVPM

## ഓണം(ഇൻട്രോ)

ഓണത്തെ വരവേൽക്കാൻ ഒരുങ്ങി തലസ്ഥാന നഗരം. തിരുവനന്തപുരം ജില്ലയിൽ ഓണവിപണികൾ സജീവമായതോടെ സദ്യയൊരുക്കുന്നതിനുള്ള

സാധനങ്ങൾ വാങ്ങുന്നതിനും മറ്റും വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട്(ഇൻട്രോ)**

ഓണക്കാലത്തോടനുബന്ധിച്ച് പാലക്കാട് ജില്ലയിൽ അബ്കാരി- മയക്കുമരുന്ന് കുറ്റകൃത്യങ്ങളും അനധികൃത ലഹരി കടത്തും തടയുന്നതിനായി എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പരിശോധനകൾ ശക്തമാക്കി. തമിഴ്നാട് അതിർത്തി വഴിയുള്ള ലഹരി കടത്ത് തടയാൻ അന്തർസംസ്ഥാന യോഗം ചേർന്ന് സംയുക്ത പരിശോധനയും ആരംഭിച്ചിട്ടുണ്ട്.

PNUTVPM

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്............***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**എക്സൈസ് പരിശോധന**

ഓണം സ്പെഷ്യൽ ഡ്രൈവിൻറെ ഭാഗമായി കേരളം, കർണാടക അതിർത്തിയായ കണ്ണൂർ കൂട്ടുപുഴയിൽ ഇരു സംസ്ഥാനങ്ങളിലെയും എക്സൈസ് സംഘങ്ങൾ സംയുക്ത പരിശോധന ആരംഭിച്ചു. കൂട്ടുപുഴ പുതിയ പാലത്തിന് സമീപവും എക്സൈസ് ചെക്ക് പോസ്റ്റിന് സമീപവുമാണ് പരിശോധന.

❋❋❋❋❋❋❋❋❋❋❋❋❋

## മദ്യക്കടത്ത്

ഓണത്തോടനുബന്ധിച്ച് അനധികൃത മദ്യക്കടത്ത് തടയുന്നതിന്റെ ഭാഗമായി അതിർത്തി ജില്ലയായ കാസർഗോഡ് എക്സൈസും പോലീസും പരിശോധന ശക്തമാക്കി. കർണാടക അതിർത്തി മേഖലകളിലും പ്രധാന റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. അനധികൃത മദ്യക്കടത്തും വിൽപ്പനയും തടയുന്നതിന് പ്രത്യേക സംഘങ്ങളെയും നിയോഗിച്ചു.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

## മുത്തങ്ങ കേസ്

2003 ലെ മുത്തങ്ങ സമരവുമായി ബന്ധപ്പെട്ട അബ്ദുൽസലാം വധശ്രമ കേസിൽ എം ഗീതാനന്ദൻ ഉൾപ്പെടെ 4 പ്രതികളുടെ ശിക്ഷ ഹൈക്കോടതി മരവിപ്പിച്ചു. വയനാട് ജില്ലാ പ്രിൻസിപ്പൽ സെഷൻസ്

കോടതി വിധിച്ച 5 വർഷം കഠിനതടവും 10,000 രൂപ പിഴ ശിക്ഷയുമാണ് മരവിപ്പിച്ചത്.

## നെല്ലുവില

നെല്ല് വില വിതരണത്തിന് കേന്ദ്ര വിഹിതത്തിൽ നിന്ന് 209 കോടി രൂപ അനുവദിച്ചതായി മന്ത്രി അനൂപ് ജേക്കബ്. രണ്ടാം വിള നെല്ലെടുപ്പിൽ സംസ്ഥാന പ്രോത്സാഹന വിഹിതം പൂർണതോതിൽ സംസ്ഥാനം സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതോടൊപ്പം കേന്ദ്രവിഹിതവും ലഭിച്ചതോടെ എല്ലാ കർഷകർക്കും നെല്ലുവില മുഴുവനും കൊടുത്തുതീർക്കാനാകുമെന്നും മന്ത്രി അറിയിച്ചു.

## മന്ത്രി എം. ലിജു

സഹകരണ മേഖലയുടെ വിശ്വാസ്യത വർധിപ്പിക്കാൻ വിശ്വാസ് പദ്ധതി ആവിഷ്കരിക്കുമെന്ന് മന്ത്രി എം. ലിജു. സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. അദാലത്തുകൾ പൂർത്തിയാക്കാൻ കൂടുതൽ സമയം നൽകണം എന്ന ആവശ്യം ഗൗരവതരമായി

RNU TVPM

പരിഗണിക്കും. റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരിക്കാൻ തീരുമാനിച്ചതായും മന്ത്രി എം.ലിജു വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

**നെഹ്റു ട്രോഫി (ഇൻട്രോ)**

72-ാമത് നെഹ്രുട്രോഫി വള്ളംകളിക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ. നാളെ പുന്നമടക്കായലിൽ നടക്കുന്ന ജലോത്സവത്തിൽ 71 ജലരാജാക്കന്മാർ മത്സരിക്കും.

***ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്.........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

ചിങ്ങമാസ പൂജ പൂർത്തിയാക്കി ശബരിമല ക്ഷേത്ര നട ഇന്ന് രാത്രി 10ന് അടയ്ക്കും. ഓണം പൂജയ്ക്കായി തിങ്കളാഴ്ച വൈകിട്ട് നട തുറക്കും. ഈ മാസം 28 വരെയാണ് ഓണം പൂജ. ദർശനത്തിനായി എത്തുന്ന ഭക്തർക്ക് ഈ ദിവസങ്ങളിൽ ഓണസദ്യയും ഒരുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ കേരളം**

RNU TVPM

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഈ മാസം 23 -ന് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ തിങ്കളാഴ്ചയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് തടസ്സമില്ല.

**എഫ് ഐഎച്ച്**

FIH ഹോക്കി ലോകകപ്പിന്റെ രണ്ടാം പൂൾ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്ത്യൻ വനിതാ ടീം ഇന്ന് ആതിഥേയരായ നെതർലൻഡ്സിനെ നേരിടും. ആംസ്റ്റൽവീനിൽ ഇന്ത്യൻ സമയം രാത്രി 9:30-നാണ് മത്സരം.

RJUTVPM

**അഖിൽ ജോയ്**

റഷ്യൻ അക്രമണത്തിൽ ഉക്രെയ്നിലെ കപ്പലിൽ കൊല്ലപ്പെട്ട അഖിൽ ജോയലിൻറെ ഭൗതികശരീരം ഈ മാസം

24 -ന് കാസർഗോഡ് വെള്ളരിക്കുണ്ടിലെ വീട്ടിലെത്തിക്കും.

മറ്റെന്നാൾ ബംഗളൂരുവിലെത്തിക്കുന്ന മൃതദേഹം ആംബുലൻസിലാണ് പിന്നീട് കാസർഗോഡ് കൊണ്ടുവരുന്നത്.

---

## ഒട്ട് കശുമാവ് സാങ്കേതിക വിദ്യ

കശുമാവ് നഴ്സറികളിൽ ഉപയോഗിക്കുന്ന പരമ്പരാഗത പ്ലാസ്റ്റിക് പോളി ബാഗുകൾക്ക് പകരമായി പരിസ്ഥിതി സൗഹൃദ ചകിരി നാരു കൊണ്ടുള്ള ഒട്ട് കശുമാവ് തൈകൾ ഉൽപ്പാദിപ്പിക്കുന്ന സംവിധാനവുമായി തൃശ്ശൂർ ജില്ലയിലെ മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രം. കേരള കാർഷിക സർവ്വകലാശാല, വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ സംയുക്തമായി നടത്തിയ പരീക്ഷണത്തിലാണ് കശുമാവ് ഗ്രാഫ്റ്റ് ഉൽപ്പാദനത്തിന് ചകരിനാര് കൊണ്ടുള്ള റൂട്ട് ട്രെയിനറുകൾ ഉപയോഗിക്കുന്നതിൻറെ സാധ്യത കണ്ടെത്തിയത്. ഇവയിലൂടെ പ്ലാസ്റ്റിക് ഉപയോഗം ഗണ്യമായി കുറയ്ക്കാൻ സാധിക്കും.

RNU TVPM

---

## ഓഹരി+സ്വർണം

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 76 പോയിന്റ് ഉയർന്ന് 77,614 ലും നിഫ്റ്റി 14 പോയിന്റ് വർധിച്ച് 24,246ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കൂടി. പവന് 880

രൂപ വർധിച്ച് ഒരു ലക്ഷത്തി 17,680 രൂപയും ഗ്രാമിന് 14,710 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM